# കൊതുകു തിരികൾ സുരക്ഷിതമോ?

പാറ്റകൾ, ചിലന്തികൾ, ഈച്ചകൾ, മൂട്ടകൾ, കൊതുകുകൾ, ഉറുമ്പുകൾ തുടങ്ങി വിവിധയിനം ഷട്പദങ്ങളെ നശിപ്പിക്കുവാനായി വീടുകളിൽ ഉപയോഗിക്കുന്ന സ്പ്രേകളും മാറ്റുകളും മനുഷ്യരുടെ ആരോഗ്യത്തിനും ദോഷകരമാവുന്നുണ്ടെന്ന് പുതിയ പഠനങ്ങൾ തെളിയിക്കുന്നു.

മോർട്ടീൻ, ഗുഡ്നൈറ്റ്, ഹിറ്റ്, ബേയ്ഗൺ, ഹണ്ടർ തുടങ്ങി വിവിധ ബ്രാന്റുകളിൽ ഇന്ത്യയിലും സുലഭമായ ഇവ ചെറിയ കുട്ടികളെ ഗുരുതരമായി ബാധിക്കാമെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്.

ഇത്തരം ഷട്പദനാശിനികളിലെ മുഖ്യഘടകം പൈറെത്രിൻ, പൈറെത്രോയ്ഡ്, ക്ലോർ പൈറിഫോസ് എന്നീ ഗ്രൂപ്പുകളിൽ ഏതെങ്കിലും ഒന്നിൽപ്പെട്ട രാസപദാർഥമായിരിക്കും. ഇവയുടെ നേരിയ അളവിലുള്ള സാമീപ്യം മനുഷ്യന് ദോഷമൊന്നും ഉണ്ടാക്കില്ലെന്നായിരുന്നു കരുതപ്പെട്ടിരുന്നത്. അതേസമയം, ചിലരിൽ ഇവയുടെ അംശം അകത്തു കടന്നാൽ വലിവ്, ശ്വാസംമുട്ടൽ, വിറയൽ, ഛർദ്ദി, പേശി തളർച്ച തുടങ്ങിയ അസ്വാസ്ഥ്യങ്ങൾ പ്രത്യക്ഷപ്പെടുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുകയും ഉണ്ടായിട്ടുണ്ട്.

കാലിഫോർണിയയിൽ നടത്തിയ ചില പഠനങ്ങളുടെ കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ച റിപ്പോർട്ടിലാണ് ഇത്തരം ഷട്പദനാശിനികളുടെ മാരകമായ ദുഷ്യഫലങ്ങളെക്കുറിച്ചുള്ള വിവരങ്ങളുള്ളത്. ഗർഭാവസ്ഥയിലും പിറന്ന ഉടനേയും ഇത്തരം രാസപദാർഥങ്ങളുടെ അംശം ഉള്ളിൽ കിടക്കുന്ന കുട്ടികൾക്ക് പിന്നീട് തലച്ചോറിൽ കാൻസർ വരാൻ ഉയർന്ന സാധ്യതകളുണ്ട്. എന്നാണ് ഈ റിപ്പോർട്ട് പറയുന്നത്.

ഈ വിഷയത്തിൽ കൂടുതൽ പഠനങ്ങൾ നടക്കുന്നതേയുള്ളൂ. എന്തായാലും ഗർഭിണികളും ചെറുകുഞ്ഞുങ്ങളും ഉറങ്ങുന്ന മുറികളിൽ കൊതുകുതിരികളും മാറ്റുകളും ഉപയോഗിക്കാതിരിക്കുന്നതാണ് ബുദ്ധി.

**അവലംബം: ഉപ്ഭോക്താവ് കൺസ്യൂമർ**

